**Athmaraksha.org**

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## ദൈവവചനം നമ്മുടെ ചക്രവാളത്തെ വിശാലമാക്കുന്നു; പ്രലോഭനം അതിനെ ചുരുക്കുന്നു -പാപ്പാ



''നമ്മുടെ കൊച്ചുലോകത്തിലേക്ക് ചുരുങ്ങിക്കൂടാനുള്ള പ്രലോഭനത്തിൽനിന്നും ദൈവവചനം നമ്മെ രക്ഷിക്കുന്നു.'' പാപ്പാ പറഞ്ഞു.'' അങ്ങനെ നമ്മുടെ ചക്രവാളത്തെ ദൈവവചനം വികസിതമാക്കുന്നു.'' സാന്താ മാർത്തായിലെ കുർബാനയ്ക്കിടയ്ക്കാണ് ഫ്രാൻസിസ് പാപ്പാ ഇപ്രകാരം പറഞ്ഞത്.

''നമ്മൾ പരീക്ഷിക്കപ്പെടുമ്പോൾ നമ്മളെ രക്ഷിക്കുന്നത് യേശുവിന്റെ വചനമാണ്. യേശു വലിയവനാണ്. കാരണം അവൻ നമ്മെ പ്രലോഭനത്തിൽനിന്നും വിമോ ചിപ്പി ക്കുക മാത്രമല്ല ചെയ്യുന്നത്; നമുക്ക് കൂടുതൽ ആത്മവിശ്വാസം തരികയും ചെയ്യുന്നു.''

ഈ ആത്മവിശ്വാസം, പരീക്ഷിക്കപ്പെടുന്നവർക്ക് വലിയ ശക്തിയാണ് പകരുന്നത്. ''കർത്താവ് നമുക്കായി കാത്തുനിൽക്കുന്നു: പരീക്ഷിക്കപ്പെടുന്ന നമ്മളിൽ അവിടുന്ന് വിശ്വാസം അർപ്പിക്കുന്നു. പാപികളായ നമ്മുടെ ചക്രവാളം അവിടുന്നു വിശാലമാ ക്കുന്നു.'' ''പ്രലോഭനം നമ്മെ സ്വാർത്ഥതയുടെ ചെറിയ മുറികളിലേയ്ക്ക് ഒതുക്കുന്നു. പുറത്തുകടക്കാൻ പറ്റാത്ത ഒരവസ്ഥയിലേയ്ക്ക് നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു. പ്രലോഭനാവസരങ്ങളിൽ നമുക്ക് ദൈവസ്വരം കേൾക്കാനാവുന്നില്ല; മനസ്സിലാക്കാനാവുന്നില്ല.''

''ദൈവസ്വരം ശ്രവിക്കുന്നതിലൂടെ മാത്രമേ നമുക്ക് പ്രലോഭനങ്ങളുടെ സ്വാർത്ഥ കൂടാരത്തിൽനിന്ന് പുറത്തുകടക്കാനാവൂ'' പാപ്പാ പറഞ്ഞു.